**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയും കണ്ണൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ.യുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ 2016-2017 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1514/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 10.05.2017

---

പരാമർശം - (1) 11.06.2012-ലെ നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്

(2) ധനകാര്യ വകുപ്പ് സെക്രട്ടറിക്ക് ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയും കണ്ണൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ.യുമായ ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി നൽകിയ 14.12.2016 ാം തീയതിയിലെ M&M/149/16(4)M(PM&A) നമ്പർ കത്ത്.

(3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 31.03.2017 ലെ ഡിബി5-2127/17/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ബഹു.. തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയും കണ്ണൂർ നിയോജക മണ്ഡലത്തിലെ എം.എൽ.എ.യുമായ ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി, എൽ.എ.സി.-എ.ഡി.എസ്. പ്രകാരം താഴെപറയുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 ലൂടെ ആവശ്യപ്പെട്ടിരുന്നു.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുടെ ഡിപി.ആർ. പരാമർശം 3 പ്രകാരം സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം, സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു.തുറമുഖവകുപ്പ് മന്ത്രി ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ യുടെ 2016-2017 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും പ്രോജക്റ്റ് ഐ.ഡി.1622 കണ്ണൂർ കോർപ്പറേഷനിലെ പീതാംബര പാർക്ക് - ഫോർട്ട് റോഡ് കാനത്തൂർ ഡിവിഷൻ, കണ്ണൂർ ജില്ലാ കോടതി കോംപ്ലക്സിന് എതിർവശത്ത്, മുണ്ടയോട് സ്റ്റേഡിയം, ഏച്ചൂർ ബസ് സ്റ്റോപ്പ്, ചൊവ്വ ജംഗ്ഷൻ എന്നീ 5 സ്ഥലങ്ങളിൽ ഹൈടെക്ക് ബസ് ഷെൽറ്റർ നിർമ്മിക്കുന്നതിന് ആകെ അടങ്കൽ തുക (495000 x 5) 24,75,000/- രൂപയും (24.75 ലക്ഷം), പ്രോജക്റ്റ് ഐ.ഡി.1627 ചിറക്കുതാഴെ -കാഞ്ഞങ്ങാട് പള്ളി - ഈരാണിപാലം തോടിനു കുറുകെ പാലം നിർമ്മാണം - കണ്ണൂർ കോർപ്പറേഷൻ ആലിങ്കിൽ വാർഡ് എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 23 ലക്ഷം രൂപയും അനുവദിച്ചുകൊണ്ടും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയോടു കൂടി ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

4. പ്രൊജക്റ്റ് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ., കണ്ണൂർ നിയോജകമണ്ഡലം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ.
ധനകാര്യ വകുപ്പ് (1075331(4)/NC-C3/2016/Fin. Dated 29.04.2017)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് - ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം,